**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 22**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ലാഭനഷ്ടകണക്കിൽ മൂലധന നിക്ഷേപം നടത്തേണ്ടതല്ല വിദ്യാഭ്യാസമേഖല : മന്ത്രി ഏ സി മൊയ്തീൻ

അക്കാദമി നിലവാരത്തിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ വെല്ലാൻ ഒരു സ്വാശ്രയസ്ഥാപനത്തിനും കഴിയില്ലെന്നും ലാഭനഷ്ടകണക്കിന്റെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം നടത്തേണ്ട ഒന്നല്ല വിദ്യാഭ്യാസമേഖലയെന്നും തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ഏ സി മൊയ്തീൻ പറഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടാട്ട് ഗ്രാമപഞ്ചായത്ത് എൽ പി സ്കൂളിനു വേണ്ടി ഒരു കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ തറക്കല്ലിടൽ നടത്തി സംസാരിക്കുകയായിരുന്നു മന്ത്രി ഏ സി മൊയ്തീൻ. മതനിരപേക്ഷത ഉയർത്തിപിടിക്കുന്നതാവണം വിദ്യാഭ്യാസ രീതിയെന്നും ഒരു തമാശവാക്കായി മതനിരപേക്ഷത കാണരുതെന്നും അദ്ദേഹം സൂചിപ്പിച്ചു. ഓരോരുത്തരുടെയും വിശ്വാസപ്രമാണങ്ങൾക്കും ആചാരങ്ങൾക്കു മേലെയാണ് ഇന്ത്യൻ ഭരണഘടന എന്ന് ബോധ്യപ്പെടുത്താൻ വിദ്യാഭ്യാസത്തിന് കഴിയണമെന്നും അദ്ദേഹം വ്യക്തമാക്കി. അനിൽ അക്കര എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. സ്വാമി ശ്രീമത് സദ്ഭാവന മഹാരാജ്, ഫാദർ ജോബി പുത്തൂർ, അടാട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി ആർ ജയചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ബിജു വർഗ്ഗീസ്, ജില്ലാ പഞ്ചായത്തംഗം അജിത കൃഷ്ണൻ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു. സ്വാഗതസംഘം കൺവീനർ മുരളി അടാട്ട് സ്വാഗതവും സെക്രട്ടറി എം എം ജെയ്സൺ നന്ദിയും പറഞ്ഞു.

## ഒല്ലൂർ-മണലൂർ മണ്ഡലങ്ങൾ കേരളത്തിന് മാതൃക: സ്പീക്കർ ശ്രീരാമകൃഷ്ണൻ

വിദ്യാഭ്യാസ കാർഷിക വികസന പ്രവർത്തനങ്ങളിൽ ഒല്ലൂർ-മണലൂർ മണ്ഡലങ്ങൾ കേരളത്തിന് മാതൃകയാണെന്ന് സ്പീക്കർ പി ശ്രീരാമകൃഷ്ണൻ. മനുഷ്യന്റെ സമഗ്രമായ മൗലിക ശേഷി വളർത്തുന്നതിലൂടെയാണ് സർഗ്ഗാത്മക ശേഷി വളരുന്നതെന്നും അതിനാൽ സർഗ്ഗാത്മകതയിലൂടെ വിദ്യാഭ്യാസരീതി വളർത്തണമെന്നും അദ്ദേഹം പറഞ്ഞു. 2019 ലെ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടി ഉന്നത വിജയം കൈവരിച്ച ഇരു മണ്ഡലങ്ങളെയും വിദ്യാർത്ഥികളെ അനുമോദിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒല്ലൂർ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്കായി മണ്ണുത്തി വെറ്റിനറി സർവകലാശാല ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ അഡ്വ. കെ രാജൻ എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. മേയർ അജിത വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, വൈസ് ചാൻസിലർ ആർ ചന്ദ്രബാബു, ഡെപ്യൂട്ടി മേയർ റാഫി ജോസ് തുടങ്ങിയവർ ആശംസ നേർന്നു. സിനിമ സംവിധായകൻ വിനയൻ, ഫുട്ബോൾ ബോൾ മുൻ ഇന്ത്യൻ ക്യാപ്റ്റൻ ഐ എം വിജയൻ, ഇസാഫ് ഫൗണ്ടർ കെ പോൾ തോമസ് തുടങ്ങിവർ പങ്കെടുത്തു. സ്വാഗതസംഘം കൺവീനർ വർഗ്ഗീസ് കണ്ടംകുളത്തി സ്വാഗതവും ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

മണലൂർ മണ്ഡലത്തിൽ നടന്ന പരിപാടിയിൽ മുരളി പെരുനെല്ലി എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. ഗുരുവായൂർ നഗരസഭ ചെയർപേഴ്സൺ വി എസ് രേവതി, എളവള്ളി ഗ്രാമപഞ്ചായത്ത്

പ്രസിഡണ്ട് യു കെ ലതിക, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഷിജിത്ത് വടക്കുംഞ്ചേരി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അംഗം മേരി ജോയ് അറക്കൽ എന്നിവർ സംസാരിച്ചു. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ലതി വേണുഗോപാൽ സ്വാഗതവും പാവാട്ടി ഗ്രാമപഞ്ചായത്ത് അംഗം രവി ചെറാട്ടി നന്ദിയും പറഞ്ഞു. 2018-19 അദ്ധ്യയന വർഷത്തിൽ മണലൂർ മണ്ഡലത്തിൽ എസ്എസ്എൽസി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ 278 വിദ്യാർത്ഥികളെയും പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ 64 വിദ്യാർത്ഥികളെയും ആണ് അവാർഡുകൾ വിതരണം ചെയ്ത് അനുമോദിച്ചു. കൂടാതെ മണ്ഡലത്തിലെ 100 ശതമാനം പൂർണ്ണ വിജയം കരസ്ഥമാക്കിയ 15 സ്കൂളുകൾക്കും അവാർഡുകൾ നൽകി ആദരിച്ചു.

## ലോകവൈജ്ഞാനിക രംഗത്തിന് സമഗ്രസംഭാവന നൽകാൻ കേരളീയ പാഠ്യപദ്ധതിക്കു കഴിയും: പ്രൊഫ. സി രവീന്ദ്രനാഥ്

പൊതുവിദ്യാഭ്യായജ്ഞത്തിലൂടെ ആധുനികവിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ഹബ്ബായി കേരളത്തെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രൊഫ.സി രവീന്ദ്രനാഥ് പറഞ്ഞു. ഈ വർഷത്തെ ചാലക്കുടി എം .എൽ .എ യുടെ പ്രതിഭാപുരസ്ക്കാരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തിലെതന്നെ ഏറ്റവും ആധുനികമായ പാഠ്യപദ്ധതിയായ ടെക്നോളോജിക്കൽ പെഡഗോജി ആണ് കേരളത്തിൽ നടപ്പാക്കുന്നതെന്നും ലോകത്തിലെ വൈജ്ഞാനിക രംഗത്തേക്ക് സമഗ്രസംഭവന നൽകാൻ ഇതിലൂടെ സാധിക്കുമെന്നും പ്രൊഫ.സി രവീന്ദ്രനാഥ് പറഞ്ഞു. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ മണ്ഡലത്തിലെ വിദ്യാർത്ഥികളെയും 100 ശതമാനം വിജയം കൈവരിച്ച സ്കൂളുകളേയും അനുമോദിച്ചു. ബി ഡി ദേവസ്സി എംഎൽഎ അധ്യക്ഷത വഹിച്ചു. സിവിൽ സർവീസ് പരീക്ഷകളിൽ ഉന്നതവിജയം കൈവരിച്ച ശ്വേതാ കെ വിജയൻ, അഞ്ജന എസ് കുമാർ എന്നിവർ വിദ്യാർത്ഥികളുമായി 'മുഖാമുഖം' നടത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ഷീജു, ഗ്രാമപഞ്ചായത് പ്രസിഡന്റുമാരായ തങ്കമ്മ വർഗീസ്, പി ആർ പ്രസാദൻ, ജെനീഷ് പി ജോസ്, പി പി ബാബു, കുമാരി ബാലൻ , ജില്ലാപഞ്ചായത്തു മെമ്പർമാരായ സുമേഷ് കെ ആർ, സിനി ടീച്ചർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. നഗരസഭാ ചെയർപേഴ്സൺ ജയന്തി പ്രവീൺ സ്വാഗതവും പി പി പീറ്റർ നന്ദിയും പറഞ്ഞു.

## കൊടുങ്ങല്ലൂർ നഗരസഭയിൽ വനിതാ ശാക്തീകരണകേന്ദ്രം ആരംഭിച്ചു

സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് കൊടുങ്ങല്ലൂർ നഗരസഭയിൽ വനിതാ ശാക്തീകരണ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും ലിംഗപദവിയെക്കുറിച്ചുള്ള പഠനം അവരുടെ മാനസിക-കുടുംബ പ്രശ്നങ്ങൾക്ക് കൗൺസിലിങ്ങ് ഉൾപ്പെടെയുള്ള സേവനങ്ങൾ കേന്ദ്രത്തിൽ ലഭിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളെ ചെറുക്കുന്നതിനും അക്രമങ്ങൾക്ക് വിധേയരായവർക്ക് നിയമപരിരക്ഷ ഉറപ്പ് വരുത്താനും കേന്ദ്രത്തിൽ നിന്ന് സഹായം ലഭിക്കും. നഗരസഭയിലെ രണ്ടു കുടുംബശ്രീ സി.ഡി.എസ്സുകളുടെയും നേതൃത്വത്തിലാണ് വനിതാ ശാക്തീകരണകേന്ദ്രം പ്രവർത്തിക്കുക. നഗരസഭയിലെ വനിതാ വിശ്രമകേന്ദ്രത്തിനോടനുബന്ധിച്ചാണ് ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. നഗരസഭ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ സി.ഡി.എസ്.ചെയർപേഴ്സൺ, ഐ.സി. ഡി.എസ് സൂപ്പർവൈസർ, വനിത കൗൺസിലർമാർ, വിദഗ്ദ്ധർ തുടങ്ങി 15 പേരടങ്ങുന്ന കമ്മിറ്റിയാണ് ഭരണസമിതി. റിസോഴ്സ് സെന്റർ നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ സി.കെ.രാമനാഥൻ, വി ജി.ഉണ്ണികൃഷ്ണൻ, ജില്ലാ കോർഡിനേറ്റർ വിനീത, സി.ഡി.എസ് ചെയർപേഴ്സൺമാരായ ശ്രീദേവി തിലകൻ, രത്നശ്രീകുമാർ എന്നിവർ സംസാരിച്ചു.

# മാധ്യമപുരസ്ക്കാരം പ്രഖ്യാപിച്ചു

കേരള സംഗീത നാടക അക്കാദമിയുടെ അന്താരാഷ്ട്ര നാടകോത്സവം 2019 ന്റെ ഭാഗമായുള്ള മാധ്യമ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു. ദൃശ്യമാധ്യമങ്ങളിൽ ഏഷ്യാനെറ്റ് ന്യൂസും ദ ഹിന്ദുവും പുരസ്ക്കാരത്തിനർഹമായതായി അക്കാദമി സെക്രട്ടറി എൻ.രാധാകൃഷ്ണൻ നായർ അറിയിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, പ്രൊഫ.ജോർജ്ജ്.എസ്.പോൾ എന്നിവരടങ്ങുന്ന കമ്മറ്റിയാണ് വാർത്തകൾ വിലയിരുത്തിയത്. പുരസ്കാര സമർപ്പണത്തിനുള്ള തിയതി പിന്നീട് തീരുമാനിച്ച് അറിയിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

# ക്വട്ടേഷൻ

ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന വാഴച്ചാൽ, വെറ്റിലപ്പാറ, ചുവന്നമണ്ണ്, പീച്ചി, ചാലക്കുടി എന്നിവിടങ്ങളിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ എൽപി, യുപി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ അദ്ധ്യയന വർഷം രണ്ട് ജോഡി യൂണിഫോം തയ്ച്ചു വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനിൽ തുണിയുടെ വിലയും തയ്യൽ കൂലിയും പ്രത്യേകം രേഖപ്പെടുത്തണം. ക്വട്ടേഷൻ ജൂൺ 26 വൈകീട്ട് 3 മണിക്കകം ചാലക്കുടി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന ഓഫീസിൽ നൽകണം. ഫോൺ : 0480-2706100.

# ടെണ്ടർ

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ ചാലക്കുടി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസിന്റെ ആവശ്യത്തിന് 2019 ജൂലൈ മുതൽ 2020 മാർച്ച് 31 വരെ വാഹനം വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ അഞ്ച് വൈകീട്ട് മൂന്ന് മണി. ഫോൺ: 0480-2700380.

# ലേലം

ചാലക്കുടി പൊതുമരാമത്ത് വകുപ്പ് സബ് ഡിവിഷൻ കോമ്പൗണ്ടിൽ വീണ മരങ്ങളുടെ ലേലം ജൂലൈ മൂന്ന് രാവിലെ 11 ന് ചാലക്കുടി മെക്കാനിക്കൽ സബ് ഡിവിഷൻ കാര്യാലയത്തിൽ ലേലം ചെയ്യും. ഫോൺ : 0480-2830922.

# താൽക്കാലിക നിയമനം

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ റേഡിയേഷൻ ഫിസിക്സ് ലക്ചറെ നിയമിക്കുന്നു. ഫിസിക്സിൽ ബിരുദാനന്തരബിരുദവും ബാർക്കിൽ നിന്നുള്ള റേഡിയോളജിക്കൽ ഫിസിക്സിൽ പരിശീലനം അല്ലെങ്കിൽ റേഡിയേഷൻ ഫിസിക്സിൽ ബിരുദാനന്തരബിരുദവും ബാർക്കിൽ നിന്നുള്ള ആർഎസ്ഒ സർട്ടിഫിക്കറ്റുമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജൂലൈ 3 രാവിലെ 10 ന് കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. കൂടുതൽ വിവരങ്ങൾക്ക് www.gmctsr.org എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0487-2200313, 2200316.

# കരാർ നിയമനം

ജില്ലാ മാനസികാരോഗ്യ പരിപാടിയിൽ കരാർ അടിസ്ഥാനത്തിൽ പ്രോജക്ട് ഓഫീസർ, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ, ക്ലിനിങ് സ്റ്റാഫ്, അറ്റൻഡർ ഗ്രേഡ് രണ്ട് എന്നീ തസ്തികളിൽ നിയമനം നടത്തുന്നു. പ്രോജക്ട് ഓഫീസർ, സൈക്യാട്രിക്ക് സോഷ്യൽ വർക്കർക്ക് എംഎസ്ഡബ്ല്യൂ ആണ് യോഗ്യത. എംഫിൽ ഉള്ളവർക്ക് മുൻഗണന. ക്ലിനിങ് സ്റ്റാഫ്, അറ്റൻഡറിന് പത്താം ക്ലാസ്സാണ് യോഗ്യത. താൽപര്യമുള്ളവർ ബയോഡാറ്റയും അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂലൈ അഞ്ച് രാവിലെ 10 ന് തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ അഭിമുഖത്തിന് എത്തണം.

# അന്നമനടയിൽ അങ്കണവാടി തുടങ്ങി

അന്നമനട പഞ്ചായത്ത് ടൗൺ അങ്കണവാടിയുടെ പ്രവർത്തനോദ്ഘാടനം ബെന്നി ബെഹനാൻ എംപി നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ടെസ്സി ടൈറ്റസ് അധ്യക്ഷത വഹിച്ചു. മുൻ ടി യു രാധാകൃഷ്ണൻ എംഎൽഎ മുഖ്യാതിഥിയായി. മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ കേശവൻകുട്ടി മുഖ്യപ്രഭാഷണം നടത്തി. വനിതാ ശിശു വികസന മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമാക്കി പത്തു ലക്ഷം രൂപ ചിലവിട്ടാണ് സ്മാർട്ട് അംഗൻവാടി ഒരുക്കിയത്. ജില്ലാ പഞ്ചായത്ത് മെമ്പർ നിർമൽ സി. പാത്താടൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. കെ. ഗോപി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. ഒ. പൗലോസ്, ആരോഗ്യ - വിഭ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബേബി പൗലോസ്, സി ഡി പി ഒ ജെസ്സി വി. ഡി., ഐ സി ഡി എസ് സൂപ്പർവൈസർ ജിംസി സി. ജോസ്, ബ്ലോക്ക് - പഞ്ചായത്ത് തല അംഗങ്ങൾ എന്നിവർ ആശംസ നേർന്നു. വാർഡ് മെമ്പർ രവി നമ്പൂതിരി സ്വാഗതവും അംഗൻവാടി അദ്ധ്യാപിക എൻ. ഗീത നന്ദിയും പറഞ്ഞു.

# മൃഗസംരക്ഷണം: താലൂക്ക് തല നിക്ഷേപ-സംരംഭക പരിശീലനത്തിന് കൊടുങ്ങല്ലൂരിൽ തുടക്കം

സംസ്ഥാന മൃഗസംരക്ഷണവകുപ്പിന്റെ പദ്ധതി പ്രകാരം നടത്തി വരുന്ന താലൂക്ക് നിക്ഷേപ-സംരക്ഷക പരിശീലന പരിപാടിയ്ക്ക് കൊടുങ്ങല്ലൂരിൽ തുടക്കമായി. ജില്ലയിൽ കൊടുങ്ങല്ലൂർ, ചാവക്കാട്, ചേർപ്പ് താലൂക്കുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൃഗസംരക്ഷണ മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുകയും നിലവിലുള്ള സംരംഭകർക്ക് ശരിയായ മാർഗനിർദേശങ്ങൾ നൽകുകകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. കർഷകർക്ക് മൃഗസംരക്ഷണ ഉദ്യോഗസ്ഥർ നേരിട്ട് പരിശീലനം നൽകും. പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റും നൽകും. കൊടുങ്ങല്ലൂർ പ്രാദേശിക മൃഗസംരക്ഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മതിലകം ബ്ലോക്കിന്റെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. കൊടുങ്ങല്ലൂർ, ചാവക്കാട് താലൂക്കുകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 75 കർഷകർ പരിപാടിയിൽ പങ്കെടുത്തു. ഡോ. എം.എസ്. അഷ്കർ, ഭാസുരാംഗൻ, ഡോ. ഗിഗ്ഗിൻ, ആഷിസ്.എസ്.എസ്. എന്നിവർ ക്ലാസുകൾ നയിച്ചു.

മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി ഇ ടി ടൈസൺമാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. അബീദലി അദ്ധ്യക്ഷത വഹിച്ചു. മതിലകം പഞ്ചായത്ത് പ്രസി. ഇ.ജി. സുരേന്ദ്രൻ മുഖ്യാതിഥിയായി. ജില്ലാ മൃഗസംരക്ഷണഓഫീസർ ഡോ. എം.കെ. പ്രദീപ്കുമാർ പദ്ധതി വിശദീകരിച്ചു. കൊടുങ്ങല്ലൂർ മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ഡോ. പി.ഡി. സുരേഷ്, ഡോ.എ.എസ്. ലാല എന്നിവർ സംസാരിച്ചു.

# മുകുന്ദപുരം താലൂക്ക് കുടുംബശ്രീ വാർഷികം

മുകുന്ദപുരം താലൂക്ക് തല കുടുബശ്രീ വാർഷികം ഇരിങ്ങാലക്കുട രാജീവ് ഗാന്ധി മുനി സിപ്പൽ ടൗൺ ഹാളിൽ പ്രൊഫ. കെ.യു അരുണൻ ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട നഗര സഭ ചെയർപേഴ്സൺ നിമ്യ ഷിജു അദ്ധ്യക്ഷത വഹിച്ചു. ഇരിങ്ങാലക്കുട, വെള്ളാംങ്കല്ലൂർ, കൊട കര തുടങ്ങിയ ബ്ലോക്കുകളിലെ 19 വയസ്സ് മുതൽ 72 വയസ്സ് വരെയുള്ള 347 കുടുംബശ്രീ വനിത കൾ മത്സരങ്ങളിൽ പങ്കെടുത്തു. മികച്ച കലാപ്രകടനം കാഴ്ചവച്ച വെള്ളാംങ്കല്ലൂർ ബ്ലോക്കിലെ പു ത്തൻചിറ സി.ഡി.എസ് കിരീടമണിഞ്ഞു. താലൂക്ക്തല മത്സര വിജയികളായവർ ജില്ലാതലത്തിൽ മ ത്സരിക്കുവാൻ അർഹത നേടി. മുകുന്ദപുരം താലൂക്കിലെ വിവിധ ഗ്രാമ പഞ്ചായത്തിലെ പ്രസി ഡന്റുമാർ, ജില്ലാമിഷൻ അസി. കോ-ഓർഡിനേറ്റർ ബൈജു മുഹമ്മദ് എം തുടങ്ങിവർ പങ്കെടുത്തു.

# സെക്യൂരിറ്റി എജൻസികളിൽ പരിശോധന

സെക്യൂരിറ്റി ഏജൻസികളിൽ ജോലി ചെയ്യുന്നവർക്ക് തൊഴിൽ നിയമപ്രകാരമുള്ള അവകാശം ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ലേബർ വകുപ്പ് പരിശോധന നടത്തി. പരിശോധന നടത്തിയ 11 സ്ഥാപനങ്ങളിൽ നിയമലംഘനങ്ങൾ കണ്ടെത്തി. നിയമലംഘനങ്ങൾ പരിഹരിക്കാത്ത പക്ഷം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുമെന്ന് ജില്ലാ ലേബർ ഓഫീസർ (ഇ) അറിയിച്ചു. അസിസ്റ്റന്റ് ലേബർ ഓഫീസർമാരായ കെ എം രാജി, എസ് സീതാലക്ഷ്മി, പി പി ജയശ്രീ, വി എൻ ഉണ്ണികൃഷ്ണൻ, കെ കെഅബ്ദുൾ ഗഫൂർ, സി ടി ആശ തുടങ്ങിയവർ പരിശോധനയിൽ പങ്കെടുത്തു.